**പതിമൂന്നാം കേരള നിയമസഭ**
**പന്ത്രണ്ടാം സമ്മേളനം**

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3604 | 12.12.2014 ൽ മറുപടിയ്ക്ക് |
|---|---|
| **ഗാർഹിക അതിക്രമങ്ങൾക്ക് ഇരയാകുന്നവർക്ക് സംരക്ഷണം** | |
| **ചോദ്യം** | **ഉത്തരം** |
| ശ്രീ.വി.എസ്.സുനിൽകുമാർ<br>ശ്രീമതി.ഇ.എസ്.ബിജിമോൾ<br>ശ്രീമതി. ഗീതാ ഗോപി<br>ശ്രീ. വി.ശശി | ഡോ. എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പു മന്ത്രി) |
| (എ) ഗാർഹിക അതിക്രമങ്ങൾക്ക് ഇരയായവരെ സംരക്ഷിക്കുന്നതിന് നിലവിലുള്ള പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (എ) ഗാർഹിക അതിക്രമങ്ങൾക്ക് ഇരയാകുന്ന വനിതകളെ സംരക്ഷിക്കുന്നതിന് നിലവിലുള്ള നിയമമാണ് ഗാർഹിക പീഡനത്തിൽ നിന്നും വനിതകൾക്ക് സംരക്ഷണം നൽകുന്ന നിയമം, 2005. ടി നിയമം ഫലപ്രദമായി നടപ്പിലാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ 14 ജില്ലകളിൽ വനിതാ പ്രൊട്ടക്ഷൻ ഓഫീസർമാരെ നിയമിച്ചിട്ടുണ്ട്. ഇതിനുപുറമേ 101 സർവ്വീസ് പ്രൊവൈഡിംഗ് സെന്ററുകളും നിലവിലുണ്ട്. ഗാർഹിക പീഡനങ്ങൾക്ക് ഇരയാകുന്നവർക്ക് ടി സെന്ററുകളിൽ പ്രവർത്തിക്കുന്ന വനിതാ അഡ്വക്കേറ്റ് മാരായ ലീഗൽ കൗൺസിലേഴ്സ് മുഖേനയും ക്ലിനിക്കൽ സൈക്കോളജിസ്റ്റ് മുഖേനയും കൗൺസിലിംഗ്, നിയമ സഹായം, വൈദ്യ സഹായം എന്നിവ നൽകുന്നുണ്ട്. ഗാർഹിക അതിക്രമങ്ങൾക്ക് ഇരയാകുന്നവർക്ക് കേരള വനിതാ കമ്മീഷനിൽ നിന്നും നിയമോപദേശവും നിയമാനുസൃതമായ നിവൃത്തികൾ ലഭിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും കൗൺസിലിംഗ് സേവനങ്ങളും നൽകി വരുന്നുണ്ട്. സ്വന്തം വീട്ടിലേയ്ക്ക് തിരികെ പോകുവാൻ സാധിക്കാത്ത സാഹചര്യമുള്ള സ്ത്രീകൾക്ക് ഷോർട്ട് സ്റ്റേ ഹോം സംവിധാനവും കമ്മീഷൻ നൽകുന്നുണ്ട്. |
| (ബി) ഇത്തരം ഗാർഹിക അതിക്രമങ്ങൾക്ക് ഇരയാകുന്നവർക്ക് സാമൂഹ്യക്ഷേമ ബോർഡിന്റെ കീഴിൽ പുതിയ സംവിധാനങ്ങൾ കൊണ്ടുവരാനുദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;<br>(സി) പുതിയ സംവിധാനങ്ങൾ നടപ്പിലാക്കുന്നതിന് സ്വീകരിക്കുന്ന മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ? | (ബി)&(സി) ഗാർഹിക പീഡനങ്ങൾക്ക് ഇരയാകുന്ന വനിതകളെ സംരക്ഷിച്ച് പാർപ്പിക്കുന്നതിന് നിലവിൽ സാമൂഹ്യനീതി വകുപ്പിന്റെ കീഴിലുള്ള മഹിളാ മന്ദിരങ്ങളെയാണ് ആശ്രയിക്കുന്നത്. ഗാർഹിക പീഡനത്തിന് ഇരയാകുന്ന വനിതകൾക്ക് ആവശ്യമായ കൗൺസിലിംഗും ആഹാരവും വസ്ത്രവും താല്ക്കാലിക താമസവും നിയമസഹായവും ചിലപ്പോൾ പ്രത്യേക വൈദ്യ സഹായവും തൊഴിൽ പരിശീലനവും നൽകേണ്ടത് അത്യാവശ്യമായതിനാൽ ഗാർഹിക പീഡനത്തിന് ഇരയാകുന്നവർക്ക് മാത്രമായി ഓരോ ജില്ലയിലും കേരള |

| | |
|---|---|
| | സംസ്ഥാന സാമൂഹ്യക്ഷേമ ബോർഡിന്റെ കീഴിൽ ഒരു പ്രത്യേക ഷെൽട്ടർ ഹോം ആരംഭിക്കുന്നതിനുള്ള പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ ഗാർഹിക പീഡനത്തിന് ഇരയാകുന്ന വനിതകൾക്ക് തൊഴിൽ പരിശീലനം വഴി അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരുന്നതിനുള്ള ഒരു പുനരധിവാസ പദ്ധതിയും 2015-16 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കുന്നതിന് സാമൂഹ്യക്ഷേമ ബോർഡ് ലക്ഷ്യമിട്ടിട്ടുണ്ട്. സർക്കാർ അംഗീകൃത സന്നദ്ധ സംഘടനകൾ വഴി ടി പദ്ധതി നടപ്പിലാക്കുന്നതിനായി സാമൂഹ്യക്ഷേമ ബോർഡിൽ നിന്നും അപേക്ഷകൾ ക്ഷണിച്ചിട്ടുണ്ട്. പ്രസ്തുത അപേക്ഷകളിൽ നിന്നും സ്ത്രീകളുടെ ക്ഷേമത്തിനുവേണ്ടി പ്രവർത്തിക്കുന്നതും അടിസ്ഥാന സൗകര്യങ്ങളോടു കൂടിയതും ഭദ്രമായ സാമ്പത്തിക അടിത്തറയുള്ളതും പ്രവർത്തന പരിചയമുള്ളതുമായ സംഘടനകളെ സാമൂഹ്യക്ഷേമ ബോർഡിന് കീഴിലുള്ള സെലക്ഷൻ കമ്മിറ്റി വഴി ബോർഡ് തിരഞ്ഞെടുക്കുകയും ചെയ്യുന്നതാണ്. |

**സെക്ഷൻ ഓഫീസർ**